# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : കെ.ബൈജുനാഥ്,
ബഹു. ജുഡീഷ്യൽ അംഗം

**എച്ച്.ആർ.എം.പി. നമ്പർ : 812/11/12/2022, 661/23/ TVM**

പരാതികക്ഷി ആർ.ധനലക്ഷ്മി,റ്റി.സി.37/598
ചോറ്റുപുരസ്റ്ടീറ്റ്,ഫോർട്ട്പി ഒ,

എതിർകക്ഷി ഇന്ദിരമുത്തുകൃഷ്ണൻ, ടി.സി.37/597,
ചോറ്റുപുരസ്റ്ടീറ്റ്,ഫോർട്ട്പി ഒ, തിരുവനന്തപുരം

**ഉത്തരവ്തീയതി 03.04.2024**

ഹർജികക്ഷി കഴിഞ്ഞ 15 വർഷമായി ടി വീട്ടിൽതാമസിച്ചുവരുന്നതായും, ഒന്നാം എതിർകക്ഷി ടിയാളുടെ ഡ്രൈനേജ് ലൈൻപോകുന്ന പൊതുസ്ഥലം കൈയ്യേറി ഡ്രെയിനേജ് കണക്ഷൻ തടഞ്ഞതായും, ഇതുസംബന്ധിച്ച് കുര്യാത്തി ഡ്രെയിനേജ് സെക്ഷൻ ഓഫീസിലും വഞ്ചിയൂർ വില്ലേജ് ഓഫീസിലും, ഫോർട്ട്പോലീസ്സ്റ്റേഷനിലും പരാതി നൽകിയെങ്കിലും നടപടി ഉണ്ടായിട്ടില്ലായെന്നും മറ്റുമാണ്പരാതി സംഗതി.

പരാതി വിഷയത്തിൽ സ്വിവറേജ് വിഭാഗം കുര്യാത്തി സെക്ഷൻ അസിസ്റ്റൻറ് എഞ്ചിനീയറുടെയും വഞ്ചിയൂർ വില്ലേജ് ഓഫീസറുടെയും റിപ്പോർട്ടുകൾ പരിശോധിച്ചും പരാതികക്ഷിയെ നേരിൽ കേട്ടും 09.12.2022 തീയതി കമ്മീഷൻ ഒരു ഉത്തരവ് പാസ്സാക്കിയിരുന്നു. എന്നാൽ ഈ പരാതിയിലെ എതിർകക്ഷിയായ ശ്രീമതി ഇന്ദിര മുത്തുകൃഷ്ണൻ തൻെറ ഭാഗം കൂടി കമ്മീഷൻ കേൾക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേസ് നമ്പർ 661/23 ആയി ഒരു പരാതി സമർപ്പിക്കുകയുണ്ടായി. പ്രസ്തുത പരാതിയുടെ അടിസ്ഥാനത്തിൽ ഇരുകക്ഷികളെയും കമ്മീഷൻ നേരിൽ കേട്ടു. പരാതിക്കാസ്പദായ വിഷയത്തിൽ ഒരു സിവിൽ കേസ് കോടതിയിൽ നൽകിയിട്ടുള്ളതായും ആയത് കോടതിയുടെ പരിഗണയിലാണെന്നും എതിർകക്ഷി കമ്മീഷനെ അറിയിച്ചു

പരാതിയും റിപ്പോർട്ടും ആക്ഷേപവും കമ്മീഷൻ വിശദമായി പരിശോധിച്ചു. പരാതിക്കാസ്പദമായ കാര്യം നിലവിൽ കോടതിയുടെ പരിഗണനയിൽ ആണെന്ന് കമ്മീഷൻ മനസ്സിലാക്കുന്നു. കോടതിയുടെ പരിഗണയിലോ തീരുമാനത്തിൽപ്പെട്ടതോ ആയ ഒരു വിഷയത്തിൽ മനുഷ്യാവകാശ സംരക്ഷണ നിയമം 17(എച്ച്)പ്രകാരം കമ്മീഷന് തുടർനടപടികൾ കൈകൊള്ളുവാൻ കഴിയുകയില്ല. ആയതിനാൽ കോടതി വഴി തർക്ക പരിഹാരം കാണേണ്ടതാണെന്ന നിർദ്ദേശത്തോടെ ഈ പരാതി തീർപ്പാക്കുന്നു.

ഒപ്പ്
കെ.ബൈജുനാഥ്
ജുഡീഷ്യൽ അംഗം

//ശരിപ്പകർപ്പ്// രജിസ്ട്രാർ